Mr. M. P. Cherian.— Yes, there was a recent occurrence since the submission of the answer, at Narakkal.

Mr. T. A. Ramachandra Ayyar.—What did the Government do in the matter?

Mr. M. P. Cherian.—It is under enquiry.

K. K. Dakshayani—higher studies at Madras.

102. മിസ്റ്റർ പി. എസ്സ്. കൃഷ്ണൻ വൈദ്യർ.— താഴെ ചേർക്കുന്ന ചോദ്യത്തിന് ഗവമ്മെണ്ടിൽനിന്നും ദയവായി മറുപടി പറയുമോ;

ഗവമ്മെണ്ടു ചിലവിന്മേൽ കെ. കെ. ദാക്ഷായണി അമ്മയെ എം. ഏ. ക്ക പഠിക്കുവാൻ മദിരാശിയിൽ അയക്കുന്നതിനും ദയവുണ്ടാകുമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഇല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഇവർ ഏതു സമുദായത്തിൽ പെട്ടവരാണെന്നു ഗവമ്മെൻറു ദയവായി പറയാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— പുലയസമുദായത്തിൽപെട്ടവരാണെന്നാണു തോന്നുന്നതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കു വിദ്യാഭ്യാസം നൽകുന്ന സംഗതിയിൽ കൂടുതൽ പ്രോത്സാഹനം ചെയ്തുകൊടുക്കുവാനുള്ള നയം ഗവമ്മെൻറു സ്വീകരിച്ചിട്ടില്ലേ?

മിസ്റ്റർ എം. പി. ചെറിയാൻ.— കഴിയുന്നതും സർക്കാർ ഇൻസ്റ്റിറ്റ്യൂഷൻസിൽ പ്രോത്സാഹനം ചെയ്തുവരുന്നുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— സ്ത്രീകളിൽ ഉയന്ന വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ വളരെ ചുരുക്കമായതുകൊണ്ടു് ഇവരെ മദ്രാസിലേക്കയച്ചു പഠിപ്പിയ്ക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള സംഗതി വളരെ പ്രാധാന്യമുള്ള ഒന്നാണെന്നു ഗവമ്മെണ്ടിനറിയാമോ?

മിസ്റ്റർ എം. പി. ചെറിയാൻ— പണത്തിൻെറ കാര്യം വളരെ ചുരുക്കമാണു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— എന്തു ചിലവായിരിയ്ക്കും ഇതിനു വരിക? വളരെ നിസ്സാരമായ ചിലവേ ഉണ്ടാകയുള്ളൂവെന്നാണു് എനിയ്ക്കു തോന്നുന്നതു്.

മിസ്റ്റർ എം. പി. ചെറിയാൻ.— എന്തു ചിലവാകുമെന്നു കണക്കാക്കീട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം.— എങ്കിലും ഉദ്ദേശം എന്തു ചില വു വരുമെന്നു പറയാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— സ്കോളർഷിപ്പാണ് ഇതിൽ പ്രധാനകാര്യമായിട്ടുള്ളത്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— കഴിവുള്ളതുപോലെ ഗവൺമെ ൻറിൻെറ ധനസ്ഥിതിയനുസരിച്ചുള്ള പ്രോത്സാഹനം നൽകുവാൻ സാ ധിയ്ക്കുമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— അതു് ഇപ്പോഴതന്നെ ഇവി ടെ കൊടുത്തുവരുന്നുണ്ട്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— പക്ഷേ ഈ കാര്യത്തിൽമാ ത്രം ചെയ്യുകയില്ല എന്നാല്ലേ അതിൻെറ അർത്ഥം?

മിസ്റ്റർ എം. പി. ചെറിയാൻ.— ഇവിടെ സ്റ്റൈപ്പൻറു കൊ ടുക്കുന്നുണ്ട്. ക്രൂടാതെയുള്ള പല ആനുകൂല്യങ്ങളും ചെയ്തുവരുന്നുണ്ട്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഇവരിൽനിന്നും പാസ്സായിവരു ന്നവർക്ക് വല്ല ആനുകൂല്യവും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ — ഉദ്യോഗം കൊടുത്തിട്ടുണ്ട്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ.— ഉദ്യോഗം കൊടുക്കുന്ന കാര്യ ത്തിൽ വല്ല പ്രത്യേക ആനുകൂല്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ— സ്പെഷ്യൽ ഗ്രേഡ് കൊടുക്കുന്നുണ്ട്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ — ഇവരെ എം. എ. യ്ക്ക്. അ യച്ചു പഠിപ്പിയ്ക്കുന്നതു നന്നായിരിയ്ക്കുമെന്നു തോന്നുന്നുണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ.— നന്നായിരിയ്ക്കുന്ന കാര്യങ്ങൾ പലതുമുണ്ട്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഈ കാര്യം നല്ലതാണെന്നു ഗ വൺമെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഇതിനേക്കാൾ നല്ലതായിട്ടുള്ള പലകാര്യങ്ങളുമുണ്ടാകും.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഉദാഹരണമായിട്ട് ഒന്നു പറ യാമോ? (ചിരി)

Kasim Ayoob Oil Mill—Palluruthy—death of a workman.

103. Mr. P. J. Alexandar.—Will the Government be pleased to state whether they have received any protest from

LIBRARY ARCHIVES Kerala Legislative Assembly